ബാലരാമപുരം, പള്ളിച്ചൽ, വിഴിഞ്ഞം, പൂവ്വാർ, പാറശ്ശാല, പറണ്ടോട്, മീനാങ്കൽ ഉഴമലയ്ക്കൽ, ചുള്ളിമാനൂർ എന്നീ പഞ്ചായത്തുകളും വരൾച്ചയുടെ പിടിയിലകപ്പെട്ടുകഴിഞ്ഞു. കുടിക്കുന്നതിനുള്ള ശുദ്ധജലംപോലും ലഭിക്കുന്നില്ല. വരൾച്ചമൂലം കൃഷിനാശം സംഭവിച്ചിവർക്ക് സഹായം നൽകുകയും ഈ സ്ഥലങ്ങളെ വരൾച്ച ബാധിതപ്രദേശങ്ങളായി പ്രഖ്യാപിക്കുകയും ചെയ്യണം. ശുദ്ധജലവിതരണപദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പാക്കുകയും വെള്ളമില്ലാത്ത സ്ഥലങ്ങളിൽ കുടിവെള്ളം എത്തിച്ചുകൊടുക്കുകയും വേണം. ഇതിനുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, വെള്ളം കുറവുണ്ടെന്നുള്ളതു ശരിയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ വെള്ളം തീരെ ഇല്ലാതായിട്ടില്ല. സാധാരണ ഫെബ്രുവരി വരെ കൃഷിക്കാർക്ക് വെള്ളം കൊടുക്കാറുണ്ട്. ഈ വർഷം വെള്ളത്തിന്റെ കുറവു കാരണം കൂടുതൽ കൊടുക്കാൻ സാദ്ധ്യതയില്ല. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് എന്തു ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുന്നതാണ്.

(25) ട്രെയിനിലെ സ്ഫോടനം

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഇന്നലെ വൈകുന്നേരം അഞ്ചുമണിക്ക് കൊച്ചിയിൽനിന്നു മദ്രാസിലേക്ക് പുറപ്പെട്ട എക്സ്പ്രസ് ട്രെയിനിൽ, ഇടപ്പള്ളിക്കടുത്തുവച്ച് സ്ഫോടനം ഉണ്ടാകുകയും പലയാളുകൾക്കും പരിക്കു പറ്റുകയുമുണ്ടായി. ഒന്നുരണ്ടാളുകളുടെ പരിക്ക് ഗുരുതരമാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള കർഷകസംഘം ഇന്നലെനടത്തിയ ട്രെയിൻ തടയൽ സമരത്തിന്റെ അന്നുതന്നെ ഈ സ്ഫോടനം ഉണ്ടായി എന്നത് വളരെയേറെ ശ്രദ്ധേയമാണ്. ഇത്തരത്തിലുള്ള അക്രമ പ്രവർത്തനങ്ങൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പലപ്രാവശ്യവും നടത്തിയിട്ടുള്ളതാണ്. ഏതാനും വർഷങ്ങൾക്കുമുമ്പാണ് കൂത്തുപറമ്പിൽ ചാവശ്ശേരിക്കടുത്തുവച്ച് ഒരു ബസ്സിനു തീ കൊളുത്തി രണ്ടാളുകൾ മരണപ്പെട്ട സംഭവമുണ്ടായത്. അതുകൊണ്ട് ഈ സ്ഫോടനത്തിന്റെ പിന്നിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് പ്രവർത്തിച്ചതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു .....ബഹളം.....

സർ, അടിയന്തിരമായി അന്വേഷണം നടത്തി ബന്ധപ്പെട്ടവരെ നിയമത്തിന്റെ മുഷ്ടിയിൽകൊണ്ടുവരാൻ നടപടികളും സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ഇന്നലെ വൈകുന്നേരം എറണാകുളം ജംഗ്ഷനിൽനിന്നും 5.15-ന് പുറപ്പെട്ട കൊച്ചിൻ-മദ്രാസ് എക്സ്പ്രസ് ട്രെയിൻ ഇടപ്പള്ളി റെയിൽവേസ്റ്റേഷനു സമീപം എത്തിയപ്പോൾ പത്താമത്തെ കമ്പാർട്ടുമെന്റായ സെക്കൻഡ് ക്ലാസ് ട്രീടയർ റിസർവേഷൻ കോച്ചിൽ ഒരു പൊട്ടിത്തെറിയുണ്ടായി. ആ പൊട്ടിത്തെറിയുടെ ഫലമായി ആ കമ്പാർട്ടുമെന്റിലുണ്ടായിരുന്നവരിൽ മൂന്നുപേർക്ക് പരിക്കുപറ്റുകയും അവരെ ആശുപത്രിയിലാക്കുകയും ചെയ്തിട്ടുണ്ട്. ബെർത്തിൽ വച്ചിരുന്ന പൈപ്പ് ബോംബ് പൊട്ടിയാണ് അക്രമം ഉണ്ടായത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതുസംബന്ധിച്ച് ഡി.ഐ.ജി., കമ്മീഷണർ, ഡെപ്യൂട്ടി കൺട്രോളർ എക്സ്പ്ലോസീവ്സ് തുടങ്ങിയവരെല്ലാം സ്ഥലത്തെത്തി അടിയന്തിരമായി അന്വേഷണം നടത്തിക്കൊണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ആ കമ്പാർട്ടുമെൻറ് മാററിയശേഷം രാത്രിതന്നെ വണ്ടി പുറപ്പെടുകയുണ്ടായി. ഇന്നലെ തീവണ്ടി തടയൽ സമരം ഉണ്ടായിരുന്നുവെങ്കിലും എല്ലാ തീവണ്ടികളും കൃത്യസമയത്തുതന്നെ ഓടിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിച്ചിരുന്നു. ഈ സംഭവത്തെക്കുറിച്ച് ഗവൺമെൻറ് സമഗ്രമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ സംഭവത്തിൽ ആരാണ് കുററക്കാർ എന്ന് കണ്ടുപിടിക്കുന്നതിനുള്ള നടപടികളും. അന്വേഷണവും ഗവൺമെൻറു നടത്തിക്കൊണ്ടിരിക്കുകയാണ്.

(26) വർക്കലയിൽ ഒരു കുടുംബത്തിൻെറ നേർക്കുണ്ടായ ആക്രമണം

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, വർക്കലയിൽ നടന്ന അതിദാരുണമായ ഒരു സംഭവം ഞാൻ ആഭ്യന്തരവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മനുഷ്യൻ പിശാചാകും, മൃഗമാകും എന്നൊക്കെ കേട്ടിട്ടുണ്ട്., ഈ കാര്യത്തിൽ അതുതന്നെ സംഭവിച്ചു.

വർക്കലക്കടുത്തു വെട്ടൂർ എന്ന സ്ഥലത്തു അബുസാംബീവി എന്ന ഒരു പാവപ്പെട്ട സ്ത്രീയും അവരുടെ നാലഞ്ചു പെൺമക്കളും കനാൽ പുറമ്പോക്കിൽ താമസമുണ്ട്. അവരെ കഴിഞ്ഞ 19-ാം തീയതി രാത്രി ഒരു സംഘം ആളുകൾ ചേർന്ന് ആക്രമിച്ചു. അവരുടെ സഹോദരനായ ഇരുപത്തിമൂന്നു വയസ് പ്രായമുള്ള സലീം എന്ന യുവാവിനെ അവിടെവച്ച് വെട്ടിക്കൊന്നു. നാലു പെൺകുട്ടികൾ പരസ്യമായി ബലാൽസംഗം ചെയ്യപ്പെട്ടു. ബലാൽസംഗത്തിന് ഇരയായതിൽ ഒരു പെൺകുട്ടിയും അബുസാബീവിയും അവരുടെ കൈക്കുഞ്ഞുമായി ഇവിടെ നില്പുണ്ട്. ഞാൻ ആഭ്യന്തരമന്ത്രിക്ക് കാണിച്ചു കൊടുക്കാം. മററുള്ളവരെല്ലാം ആശുപത്രിയിലാണ്. ഈ സംഭവത്തിനുത്തരവാദി അവിടത്തെ ജുമാഅത്തിൻെറ പ്രസിഡൻറാണ്. അദ്ദേഹം ഒരു മതമൗലികവാദിയാണെന്ന് ഓർക്കുമ്പോൾ അത്യന്തം ഖേദം തോന്നുന്നു. ആ ജുമാഅത്ത് പ്രസിഡൻറിൻെറ നേതൃത്വത്തിലാണ് ഈ നിഷ്ഠൂരമായ, ക്രൂരമായ സംഭവം നടന്നത്. ആ സംഭവത്തെ സംബന്ധിച്ച് കേരള കൗമുദി അടക്കമുള്ള പത്രങ്ങളിൽ വളരെ വിശദമായ വാർത്ത വന്നതാണ്. ഇതുസംബന്ധിച്ച് ഒരാളിനെപ്പോലും ഇതുവരെയും അറസ്റ് ചെയ്തിട്ടില്ല. രാഷ്ട്രീയ സ്വാധീനമാണ് കാരണം. അവരെല്ലാം ചന്ദ്രഹാസമിളക്കി നടക്കുകയാണ്. ഈ രാജ്യം എവിടേയ്ക്കാണ് പോകുന്നത്? അത്യന്തം ദാരുണമായ ഈ സംഭവത്തെക്കുറിച്ച് ഉടനടി അന്വേഷണം നടത്തുകയും അതിനുത്തരവാദിയായവരെ അറസ്റ് ചെയ്യുകയും വേണം. ആ ജുമാഅത്ത് പ്രസിഡൻറിനെ ഉടനെ കസ്റഡിയിലെടുക്കണം. ഇക്കാര്യത്തിൽ യാതൊരു ഒത്തുതീർപ്പുമില്ല. വർക്കലയിൽ ഇന്ന് പോലീസ് സബ് ഇൻസ്പെക്ടർ ഇല്ല. ഒരൊറ്റ പോലീസുകാരനും അവിടെ തിരിഞ്ഞു നോക്കിയിട്ടില്ല. ഈ സംഭവത്തെക്കുറിച്ച് അന്വേഷണംനടത്തി അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ഡി.വൈ.എസ്. പി. യുടെ നേതൃത്വത്തിൽ അന്വേഷണം നടക്കുന്നുണ്ട്. ഇതിൽ 10 പ്രതികൾ തിരിച്ചറിയാവുന്നവരാണ്. അവരെ കസ്റഡിയിൽ എടുക്കാനും നടപടികൾ സ്വീകരിക്കാനും എല്ലാ നിർദ്ദേശവും നൽകിയിട്ടുണ്ട്. ഉടൻതന്നെ എല്ലാവിധമായ നടപടികളും പൂർത്തീകരിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്.

(27) എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. ഇവ പ്രകാരം ലഭിക്കുന്ന ഉപയോഗശൂന്യമായ അരി

ശ്രീ. കെ. പങ്കജാക്ഷൻ : സർ, എൻ. ആർ. ഇ. പി., ആർ എൽ ഇ. ജി. പി ഇവ പ്രകാരം പണികൾ ഏറെറടുത്തു നടത്തുന്നതിൻെറ കൂലിയുടെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly